# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :280 09.06.2014-ൽ മറുപടിയ്ക്ക്

**വൃക്ഷങ്ങളിൽ ആണിയടിച്ച് പരസ്യബോർഡുകൾ സ്ഥാപിക്കുന്നത് തടയാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വൃക്ഷങ്ങളിൽ ആണിയടിച്ച് പരസ്യബോർഡുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരി ച്ചിരിക്കുന്നത് ; | ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പോലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവരുടെ സാഹയത്തോടെ ആയത് നീക്കം ചെയ്യുന്നതിന് സാമൂഹ്യവനവൽക്കരണ വിഭാഗം നടപടിയെടുത്തിരുന്നു. ബഹു. കേരള ഹൈക്കോടതിയിലെ WP(C) 14591/2011 -നമ്പർ കേസ്സിലെ 02.12.2013-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനും, നിലവിലുള്ളവ നീക്കം ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിക്കൊണ്ട് 02.01.2014-ലെ 75667/ആർസി2/2013/LSGD മുഖേന ഗവൺമെന്റ് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതുകൂടാതെ സാമൂഹ്യവനവൽക്കരണ വിഭാഗത്തിൽ നിന്നും ഇക്കാര്യത്തിൽ വിപുലമായ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇവ യഥാസമയം നീക്കം ചെയ്യുന്നതിന് നിലവിൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | സി) | 02.01.2014 - ലെ ഗവൺമെന്റ് സർക്കുലർ പ്രകാരം ഇക്കാര്യത്തിൽ നടപടിയെടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. വനം വകുപ്പിൽ ഇതിലേക്ക് സ്ക്വാഡുകളൊന്നും ഇതുവരെയ്ക്കും രൂപീകരിച്ചിട്ടില്ല. എന്നിരുന്നാലും, ഇങ്ങനെയുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവരുടെ സാഹയത്തോടെ ആയത് നീക്കം ചെയ്യുന്നതിനും സാമൂഹ്യവനവൽക്കരണ വിഭാഗം നടപടിയെടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ